PASTOR K.S. JOSEPH
President
Indian Pentecostal Church of God
Karnataka State



വിജയത്തിലേക്കു കുറുക്കു വഴികളൊന്നുമില്ല. പരാജയങ്ങളിൽ നിന്നു പാഠങ്ങൾ പഠിക്കുന്നവർ മാത്രമേ വിജയിക്കുകയുള്ളൂ. ചെറിയ കുഞ്ഞുങ്ങൾ നടക്കുവാൻ ശ്രമിക്കുമ്പോൾ വീഴും. വീണിടത്തു കിടക്കുകയല്ല, കരഞ്ഞുകൊണ്ടു എഴുന്നേറ്റു നടക്കുവാൻ ശ്രമിക്കും. പല തവണ വീണും എഴുന്നേറ്റും നന്നായി നടക്കുവാൻ പരിശീലനം ലഭിക്കുന്നു. കമ്പനികളാകട്ടെ, പ്രസ്ഥാനങ്ങളാകട്ടെ, വ്യക്തികളാകട്ടെ, പരിജായങ്ങളെ പഠിക്കുകയും ഒഴിവാക്കേണ്ടത് ഒഴിവാക്കി സൂഷ്മത പുലർത്തുകയും ചെയ്യുമ്പോൾ വിജയത്തിലേക്കുള്ള ആദ്യ പടികൾ വെക്കുവാനാരംഭിക്കും.

കഴിഞ്ഞ പതിനൊന്നു മാസം നമ്മെ വിട്ടുപോയി. എത്രയെത്ര പരാജയങ്ങളും കണ്ണുനീരുകളും നഷ്ടബോധങ്ങളും നമുക്കുണ്ടായി എന്ന് ഒന്നു കണക്കു നോക്കുന്നത് ഉത്തമമായിരിക്കും. തോൽവികളിൽ ദുഖിച്ചു അപകർഷതാബോധത്തോടുകൂടി ചടഞ്ഞിരിക്കുവാനല്ല, പുതിയ പാഠം ഉൾക്കൊണ്ട് പുതുശക്തിയോടെ ഉണർന്ന് എഴുന്നേൽക്കുവാൻ നമുക്കിടയാകട്ടെ.

ഒരു പുതിയ വർഷം ദൈവം നമുക്കു നൽകുന്നുവെങ്കിൽ പുതിയ ദർശനത്തോടെ ദൈവമഹത്വത്തിനായി മുന്നേറുവാൻ നമുക്കു ഉത്സാഹിക്കാം. ഈ ഡിസംബർ മാസം യഹോവയെ കാത്തിരുന്നു ശക്തിയെ പുതുക്കുന്ന ദിവസങ്ങളാകട്ടെ. അനേകർ തളർന്നുപോകുമ്പോൾ, നമ്മുടെ കാൽകളെ മാൻപേടക്കാലുകൾക്കു തുല്യമാക്കി ആത്മീയതയുടെ ഉന്നതഗിരികളിൽ സഞ്ചരിക്കുവാൻ ദൈവം നമുക്കിടയാക്കട്ടെ.

(Registered in 1935 at Eluru, A.P. under Society Act XXI of 1860, Reg. No. 9/1935-36)

Off: IPC Head Quarters, Horamavu Agara, Bangalore -560 043, Ph: +91 80 28444477, E-Mail: ipckarnatakastate@gmail.com, www.ipckarnatakastate.com
Res: #66, 9th Main, 4th Floor, NMPC Hospital, Horamavu Main Road, Bangalore - 560 043, Mob: +91 9740979040, E-Mail: josephkadamala@gmail.com